A

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

**GI 505**

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

## സാമൂഹ്യശാസ്ത്രം

ക്ലാസ്സ് : 5

സമയം: 2 മണിക്കൂർ
ആകെ പോയിന്റ് : 30

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ പോയിന്റ് 30. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) 5/4/3/2/1 എന്നീ രീതിയിൽ പോയിന്റ് കണക്കാക്കി a/b/c/d/e എന്നിങ്ങനെ നിലവാരസൂചകങ്ങൾ നൽകണം.
3. എല്ലാ ചോദ്യത്തിന്റെയും നിലവാര സൂചകങ്ങൾ പരിഗണിച്ച് 5 പോയിന്റ് ശതമാന പട്ടിക ഉപയോഗിച്ച് ഓവറോൾ ഗ്രേഡ് നൽകണം. (A/B/C/D/E) ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.

**പ്രവർത്തനം : 1**

പഠനനേട്ടം : എ.ഡി, ബി.സി എന്ന കാലഗണനയും നൂറ്റാണ്ടും എന്ന ആശയവും വിശദീകരിക്കുന്നു.

1. 2579 വർഷങ്ങൾക്കു മുമ്പ് ഇന്നത്തേതിൽ നിന്നും പഴയകാലത്തേക്ക് കണക്ക് കൂട്ടി (1)
2. ബി.സി 563 എന്നത് ക്രിസ്തുവിനു മുമ്പാണ്. ഇതുപോലെ എ.ഡി എന്ന് പറയുന്നത്. ക്രിസ്തുവിനുശേഷമാണ്. (1)
3.

| വർഷങ്ങളും സംഭവങ്ങളും | നൂറ്റാണ്ട് |
|---|---|
| ബി.സി 261 കലിംഗയുദ്ധം | ബി.സി. 3-ാം നൂറ്റാണ്ട് |
| എ.ഡി 1857 ഒന്നാം സ്വാതന്ത്ര്യ സമരം | എ.ഡി 19-ാം നൂറ്റാണ്ട് |
| എ.ഡി 2009 വിദ്യാഭ്യാസ അവകാശ നിയമം | എ.ഡി 21-ാം നൂറ്റാണ്ട് |
| ബി.സി 326 അലക്സാണ്ടറുടെ ഇന്ത്യൻ ആക്രമണം | ബി.സി. 4-ാം നൂറ്റാണ്ട് |

(3)

ക്ലാസിൽ സംഘടിപ്പിച്ച പൊതു ചർച്ചകളിലൂടെയും ചരിത്ര പ്രദർശനങ്ങളിലൂടെ കിട്ടിയ വിവരങ്ങളും അഭിമുഖങ്ങളിലൂടെയും കേട്ടറിവുകളിലൂടെയും മറ്റ് പ്രാഥമിക സ്രോതസുകളിലൂടെയും കിട്ടിയ വിവരങ്ങൾ ഉത്തരം കണ്ടെത്തുന്നതിന് സഹായിച്ചിട്ടുണ്ടല്ലോ.

**പ്രവർത്തനം : 2**

പഠനനേട്ടം:- കുടുംബരൂപീകരണത്തിന്റെ അടിസ്ഥാനം വ്യക്തമാക്കുന്നു.

(1)
- വ്യക്തികൾ
- സമുദായം (1)

(2)
- രക്തബന്ധത്തിലൂടെ
- വിവാഹത്തിലൂടെ
- ദത്തെടുക്കലിലൂടെ (ഏതെങ്കിലും രണ്ടെണ്ണം പരിഗണിക്കാം) (2)

(3)
- ഭക്ഷണം
- വസ്ത്രം
- പാർപ്പിടം (ഏതെങ്കിലും രണ്ടെണ്ണം പരിഗണിക്കാം) (2)

**പ്രവർത്തനം - 3**

പഠനനേട്ടം:-

- ചരിത്രാതീത കാലവും ചരിത്ര കാലവും വേർതിരിക്കുന്നു.
- ചരിത്രശേഷിപ്പുകളുടെ സംരക്ഷണത്തിന്റെ ആവശ്യകത വിവിധമാർഗങ്ങളിലൂടെ ആവിഷ്കരിക്കുന്നു.

1. (എ) ഭിംബേദ്കാ ഗുഹാ ചിത്രങ്ങൾ
   (ബി) പാലക്കാട് കോട്ട

സ്കോർ (2)

| 2. | ചരിത്രാതീത കാലം | ചരിത്രകാലം |
|---|---|---|
| | • എഴുത്തു വിദ്യ രൂപപ്പെട്ടിരുന്നില്ല<br>• ശിലകളായിരുന്നു പ്രധാന ആയുധങ്ങൾ<br>•<br>• | • എഴുത്തു വിദ്യ രൂപപ്പെട്ടതിനുശേഷമുള്ള കാലം<br>• രാജവംശങ്ങളും മറ്റും ഭരണം നടത്തി<br>•<br>• |

(3)

**പ്രവർത്തനം 4**

പഠനനേട്ടം:

- ശിലായുഗ കാലഘട്ടത്തിന്റെ സവിശേഷതകൾ വിശദീകരിക്കുന്നു.
- പ്രാചീന ശിലായുഗത്തേയും നവീന ശിലായുഗത്തേയും താരതമ്യം ചെയ്യുന്നു,

1. • ഗുഹകളിൽ താമസിച്ചു
   • കല്ലുകൊണ്ടും മരംകൊണ്ടുമുള്ള പരുക്കൻ ആയുധങ്ങൾ ഉപയോഗിച്ചു
   • കിഴങ്ങുകളും പഴങ്ങളും, വേട്ടയാടി കിട്ടുന്ന മൃഗങ്ങളുടെ മാംസവും ഭക്ഷണമായി ഉപയോഗിച്ചു. (3)
2. • വന്യമൃഗങ്ങളിൽ നിന്നും രക്ഷനേടാൻ
   • തണുപ്പിൽ നിന്നും രക്ഷനേടാൻ
   • ആഹാരം പാകം ചെയ്യാൻ
   • ഗുഹകളിൽ ഇരുട്ടകറ്റുന്നതിന് (ഏതെങ്കിലും രണ്ടെണ്ണം പരിഗണിക്കാം) (2)

**പ്രവർത്തനം 5**

പഠനനേട്ടം : ലോകത്തിലെ വെങ്കലയുഗ സംസ്കാരങ്ങൾ തിരിച്ചറിഞ്ഞ് അവയുടെ സവിശേഷതകൾ വിശകലനം ചെയ്യുന്നു,

1. (എ) മെസൊപ്പൊട്ടേമിയൻ സംസ്കാരം
   (ബി) ഈജിപ്ഷ്യൻ സംസ്കാരം
   (സി) ഹാരപ്പൻ സംസ്കാരം (3)
2. **മെസൊപ്പൊട്ടേമിയൻ**
   • ക്യൂണിഫോം ലിപി
   • യൂഫ്രട്ടീസ് - ടൈഗ്രീസ് നദീതടങ്ങളിൽ
   **ഈജിപ്ത്ഷ്യൻ**
   • ഹൈറോഗ്ലിഫിക്സ് ലിപി
   • നൈൽ നദീതടത്തിൽ
   **ഹാരപ്പൻ സംസ്ക്കാരം**
   • നഗരാസൂത്രണം മികച്ചതായിരുന്നു
   • സിന്ധു നദീതടത്തിൽ (2)

**പ്രവർത്തനം-6**

പഠനനേട്ടം:-

- സമ്പാദ്യത്തിന്റെ പ്രയോജനം വിശദമാക്കുന്നു.
- കുടുംബഭദ്രതക്ക് മിതവ്യയശീലം അനിവാര്യമാണെന്ന് സമർത്ഥിക്കുന്നു.
- മിതവ്യയ ശീലം ജീവിത രീതിയാക്കി മാറ്റിയതിന്റെ തെളിവുകൾ നൽകുന്നു.

1. • കുടുംബം ഒന്നിൽ വരവിനേക്കാൾ ചെലവ് കൂടുതലാണ്.
   • കുടുംബം രണ്ടിൽ വരവും ചെലവും തുല്യമാണ്.
   • കുടുംബം മൂന്നിൽ വരവ് കൂടുതലും ചെലവ് കുറവുമാണ്.
   (ഏതെങ്കിലും രണ്ടെണ്ണം പരിഗണിക്കാം) (2)
2. കുടുംബം മൂന്നിൽ വരവ് കൂടുതലും ചെലവ് കുറവുമാണ്. (1))
3. • ആഡംബര വസ്തുക്കൾ ഉപേക്ഷിക്കൽ
   • ഉത്പാദിപ്പിക്കാൻ കഴിയുന്ന ഭക്ഷ്യ വസ്തുക്കൾ വീട്ടിൽ തന്നെ ഉത്പാദിപ്പിക്കൽ
   • ചെലവ് നിയന്ത്രിക്കൽ (ഏതെങ്കിലും രണ്ടെണ്ണം പരിഗണിക്കാം) (2)